LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വായ്പാ കുടിശ്ശിക

298 (646) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ധനകാര്യ സ്ഥാപനങ്ങളിലുള്ള വായ്പാ കുടിശ്ശിക എഴുതിത്തള്ളാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) മലപ്പുറം ജില്ലയിൽ വായ്പാ കുടിശ്ശിക എഴുതിത്തള്ളാൻ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര അപേക്ഷകളിൽ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) പട്ടികജാതിക്കാർക്ക് ധനകാര്യ സ്ഥാപനങ്ങളിൽ വായ്പാ കുടിശ്ശിക എഴുതിത്തള്ളാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നിശ്ചിത മാനദണ്ഡങ്ങൾക്ക് വിധേയമായ പട്ടികവർഗ്ഗക്കാരുടെ ഒരു ലക്ഷം രൂപവരെയുള്ള കടബാധ്യത ഒഴിവാക്കി നൽകുന്നതിനുള്ള പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) വായ്പാ കുടിശ്ശികമൂലം പ്രയാസം നേരിടുന്ന പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, ഖാദി ഗ്രാമവ്യവസായ ബോർഡ്, വ്യവസായ വാണിജ്യ വകുപ്പ് എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ള 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ 50,000 രൂപവരെ എഴുതിത്തള്ളി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കൂടാതെ പട്ടികജാതി വിഭാഗക്കാർ സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷനിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വാഹന വായ്പ പദ്ധതി, അംബേദ്കർ ഭവന നിർമ്മാണ പദ്ധതി (ARHS), ഇൻകം ജനറേഷൻ ലിങ്ക്ഡ് അംബേദ്കർ ഭവന നിർമ്മാണ പദ്ധതി ((IGLHS), പുതിയ അംബേദ്കർ ഭവന നിർമ്മാണ പദ്ധതി (NARHS) എന്നിവപ്രകാരം കുടിശ്ശികയായ മുതലും പലിശയും ഉൾപ്പെടെ 1233.66

ലക്ഷം രൂപ (മുതൽ 547.16 ലക്ഷം രൂപ, പലിശ 686.50 ലക്ഷം രൂപ) എഴുതിത്തള്ളി സ.ഉ.(കൈ) നമ്പർ 74/14/പജപവവിവ പ്രകാരം ഉത്തരവാകുകയും ടി തുക കോർപ്പറേഷന് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

ഇതിനുപുറമെ 30-3-2015-ലെ സ.ഉ.(അ)നമ്പർ 24/2015/പജപവവിവ. നമ്പർ ഉത്തരവ് പ്രകാരം മിഷൻ 676-ന്റെ ഭാഗമായി സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 1,00,000 രൂപ എഴുതിത്തള്ളുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 1,000 ലക്ഷം രൂപ ടി പദ്ധതിയുടെ നോഡൽ ഏജൻസിയായ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ TPA 129-ാം നമ്പർ അക്കൗണ്ടിൽ (സബ്ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം) നിക്ഷേപിച്ചിട്ടുണ്ട്.

(സി) പട്ടികജാതിക്കാരുടെ വായ്പ കുടിശ്ശിക എഴുതിത്തള്ളുന്നതുമായി ബന്ധപ്പെട്ട് 8 അപേക്ഷകൾ ലഭിക്കുകയും ആയത് ബന്ധപ്പെട്ട ബാങ്കിലേക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി അയച്ചിട്ടുമുണ്ട്.

പട്ടികവർഗ്ഗക്കാരുടെ 124 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 1 ലക്ഷം രൂപവരെയുള്ള വായ്പാ തുകകൾ എഴുതിത്തള്ളുന്നതിനായി 103 പേർ അപേക്ഷിച്ചിട്ടുണ്ട്.

കൈത്താങ്ങ് പദ്ധതി

299 (647) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൈത്താങ്ങ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഈ പദ്ധതിയിലൂടെ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly